# <u>പോലീസ് വേഷത്തിലെത്തി കവർച്ച രണ്ട് പേർ കൂടി അറസ്റ്റിൽ:</u>

കഴിഞ്ഞ വർഷം ജനുവരി മാസത്തിൽ കോങ്ങാട് പതിനാറാം മൈലിൽ വെച്ച് പ്രതികൾ പോലീസ് വേഷത്തിൽ ഇന്നോവ കാറിൽ വന്ന് മലപ്പുറം സ്വദേശി ഇസ്മയിലിനെയും കൂട്ടുകാരായ അഷ്റഫ് , ഇസ്ഹാഖ് എന്നിവർ സഞ്ചരിച്ച കാറ് തടഞ്ഞ് നിർത്തി കയ്യാമം വെച്ച് കാറിൽ കയറ്റുകയും, അവരുടെ പക്കൽ ഉണ്ടായിരുന്ന 15 ലക്ഷം രൂപയും കാറും തട്ടിക്കൊണ്ടുപോവുകയും പിന്നീട് മൂവരെയും വഴിയിൽ ഇറക്കിവിടുകയും ചെയ്ത സംഭവത്തിൽ രണ്ട് പേരെക്കൂടി കോങ്ങാട് പോലീസ് അറസ്റ്റു ചെയ്തു. കണ്ണൂർ , പള്ളിക്കുന്ന് സ്വദേശികളായ ഷംസീർ വ :37, ഷാജിൽ, വ : 35 എന്നിവരാണ് പിടിയിലായത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS അവർകളുടെ നിർദ്ദേശാനുസരണം പാലക്കാട് Sub Division DySP V. D. വിജയകുമാർ, ഹേമാംബിക നഗർ ഇൻസ്പെക്ടർ പ്രേമാനന്ദ കൃഷ്ണൻ, കോങ്ങാട് SI -ഹരീഷ് ക്രൈം സ്ക്വോഡ് അംഗങ്ങളായ SI ജലീൽ, സുനിൽകുമാർ, സജി, സാജിദ്, പ്രക്ഷോഭ്, വിനീഷ്, രാജീദ്, ഷമീർ എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തുന്നത്.

